പി എൽ1/77458/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തിയ്യതി: 02/07/2018
ഫോൺ :0471 2580586
ഇ-മെയിൽ :dpiplanning@gmail.com

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

സർ,

വിഷയം: പൊ.വി. - പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - ഹരിതോൽസവം- സംബന്ധിച്ച്.

സൂചന: 1. ഗവ. കത്ത് നം. ജി3/256/18/പൊ.വി.വ. തീയതി. 02.06.2018.
2. കത്ത് നം. 92/18/കെ.ഇ.എം തീയതി.29.06.2018.

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ് കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്തുക എന്നത്. ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും ഗൗരവമായി മാനവ സമൂഹം ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഈ രംഗത്തു നടക്കുന്ന ഏതൊരു പ്രവർത്തനത്തിനും വലിയ പ്രസക്തിയുണ്ട്. എല്ലാ സ്കൂളിലും ജൈവ വൈവിധ്യ ഉദ്യാനം എന്ന പദ്ധതി ലക്ഷ്യം വയ്ക്കുന്നത് പ്രകൃതിയാണ് ഏറ്റവും നല്ല പാഠപുസ്തകം എന്ന കാഴ്ചപ്പാട് വിദ്യാർത്ഥിസമൂഹത്തിൽ സൃഷ്ടിക്കുന്നതിനായാണ്.

ഹരിതകേരളമിഷനുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അക്കാര്യങ്ങൾ അവധിക്കാല പരിശീലനത്തിന്റെ ഭാഗമായി നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട തയ്യാറാക്കിയ ഹരിതോൽസവം എന്ന പുസ്തകം എല്ലാ അദ്ധ്യാപകർക്കം എത്തിച്ചിട്ടുണ്ട്. ഇതിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളെല്ലാം പഠനപ്രവർത്തനങ്ങളുടെ സ്വാഭാവിക ഭാഗമാക്കാൻ കഴിയണം. സ്കൂൾതല മാസ്റ്റർ പ്ലാനിലും ഇംപ്ലിമെന്റേഷൻ പ്ലാനിലും ഓരോ പ്രദേശത്തിന്റേയും സ്കൂളിന്റെയും സാഹചര്യമനുസരിച്ച് ഇക്കാര്യങ്ങൾ ഉൾചേർക്കാൻ കഴിയണം. ഹരിതോൽസവത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള ദിനാചരണങ്ങൾ ലോകപരിസ്ഥിതിദിനമായ ജൂൺ 5 ന് തുടങ്ങി ലോകവിദ്യാർത്ഥി ദിനമായ നവംബർ 17 ന്

അവസാനിക്കുന്ന തരത്തിൽ 10 ഉത്സവദിനങ്ങളായാണ് ആചരിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

1. ലോകപരിസ്ഥിതിദിനം (ജൂൺ 5)
2. മരുവത്ക്കരണ ദിനം ( ജൂൺ 17)
3. ഡോക്ടർ ദിനം (ജൂലൈ 1)
4. ലോകപ്രകൃതി സംരക്ഷണദിനം (ജൂലൈ 28)
5. പുനരുപയോഗദിനം (ആഗസ്റ്റ് 9)
6. ദേശീയ കായിക ദിനം (ആഗസ്റ്റ് 29)
7. ഓസോൺ ദിനം (സെപ്തംബർ 16)
8. ഗാന്ധി ജയന്തി ( ഒക്ടോബർ 2)
9. ലോക ഭക്ഷ്യ ദിനം ( ഒക്ടോബർ 16)
10. ലോക വിദ്യാർത്ഥി ദിനം (നവംബർ 17)

വിവിധ പ്രോജക്ടുകൾ, സർവ്വേകൾ, ജലഓഡിറ്റ്, രചനാ പ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, ഭക്ഷ്യമേള, ചർച്ചാ ക്ലാസ്സുകൾ എന്നിവ ഉൾപ്പെടുത്തണം. കുട്ടികളുടെ ആരോഗ്യപരവും കായികപരവുമായ കഴിവുകളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തണം. മഴവെള്ള സംഭരണം,പ്ലാസ്റ്റിക് നിയന്ത്രണം, വൃക്ഷവൽക്കരണം, മാലിന്യ സംസ്കരണം ഉൾപ്പെടെ ഭാവനാശാലികളായ അദ്ധ്യാപകർക്ക് കൂടുതൽ പ്രവർത്തനങ്ങൾ സർഗ്ഗാത്മകമായി ഉൾപ്പെടുത്താൻ കഴിയും വിധം വഴക്കമുള്ള ശൈലിയാണ് ഹരിതോൽസവം സ്വീകരിച്ചിട്ടുള്ളത്.

കുട്ടികളിൽ പരിസ്ഥിതി അവബോധം ഉളവാക്കാൻ കഴിയും വിധം ഈ ദിനങ്ങളെ സമീപിക്കേണ്ടതും അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

സൂചന (1) പ്രകാരം സർക്കാർ ഇറക്കിയ സർക്കുലർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രിൻസിപ്പാൾമാർക്കും, ഹെഡ്മാസ്റ്റർമാർക്കും
(ബന്ധപ്പെട്ട ഓഫീസർ മുഖേന)